പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII

## (സാമൂഹ്യസേവനം)

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച
ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ (5)-ാം ഉപചട്ടപ്രകാരമുള്ളത്

....................... തീയതി സമർപ്പിച്ചത്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2013

പതിമൂന്നാം കേരള നിയമസഭ

# സബ്ജക്ട് കമ്മിറ്റി XIII

# (സാമൂഹ്യസേവനം)

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ
ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത്
റിപ്പോർട്ടിലെ ശുപാർശകളിന്മേലുള്ള
ആക്ഷൻ ടേക്കൺ റിപ്പോർട്ട്

കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും
സംബന്ധിച്ച ചട്ടങ്ങളിലെ 236-ാം ചട്ടത്തിന്റെ
(5)-ാം ഉപചട്ടപ്രകാരമുള്ളത്

1192/2013.

## ഉള്ളടക്കം

*പേജ്*


| | | |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

# സബ്ജക്ട് കമ്മിറ്റി XIII
## സാമൂഹ്യസേവനം
## (2011–2013)

### ഘടന

ചെയർമാൻ :

ഡോ. എം. കെ. മുനീർ,
പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. എ. പി. അനിൽ കുമാർ,
പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി.

കുമാരി പി. കെ. ജയലക്ഷ്മി,
പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. അൻവർ സാദത്ത്

„ ചിറ്റയം ഗോപകുമാർ

„ കെ. എൻ. എ. ഖാദർ

„ റ്റി. യു. കുരുവിള

„ പുരുഷൻ കടലുണ്ടി

„ കെ. രാധാകൃഷ്ണൻ

„ ആർ. രാജേഷ്

ശ്രീമതി കെ. എസ്. സലീഖ

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

„ എം. നാരായണൻ പോറ്റി, ജോയിന്റ് സെക്രട്ടറി

„ ആർ. സജീവൻ, ഡെപ്യൂട്ടി സെക്രട്ടറി

„ സഖറിയ പി. സാമുവൽ, അണ്ടർ സെക്രട്ടറി.

## അവതാരിക

സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012–2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമിതി ചെയർമാനായ ഞാൻ സമർപ്പിക്കുന്നു.

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012–2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികളാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

2013 ജൂലൈ 9-ാം തീയതി ചേർന്ന യോഗത്തിൽ റിപ്പോർട്ടിലെ ശുപാർശകളിൽ സർക്കാരിൽനിന്നും ലഭിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും ഇത് സംബന്ധിച്ച ആക്ഷൻ ടേക്കൺ റിപ്പോർട്ട് അംഗീകരിക്കുകയും ചെയ്തു.

ഈ റിപ്പോർട്ട് രണ്ട് ഭാഗങ്ങളിലായാണ് തയ്യാറാക്കിയിരിക്കുന്നത്. ഒന്നാം ഭാഗത്തിൽ സമിതിയുടെ പരിഗണനയ്ക്ക് വിധേയമാക്കിയ നടപടി സ്റ്റേറ്റ്മെന്റുകളുടെ വിവരങ്ങളും രണ്ടാം ഭാഗത്തിൽ ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരവും ഉൾപ്പെടുത്തിയിരിക്കുന്നു.

ഡോ. എം. കെ. മുനീർ,

*ചെയർമാൻ,*

*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2013 ജൂലൈ 9.

# റിപ്പോർട്ട്

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന കളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ സമിതി പരിഗണിക്കുകയും അംഗീകരിക്കുകയും ചെയ്തു. പ്രസ്തുത ശുപാർശകളുടെയും അവയ്ക്കുള്ള മറുപടികളുടെയും വിശദവിവരം താഴെ ചേർക്കുന്നു:

ധനാഭ്യർത്ഥന നമ്പർ XXV പട്ടികജാതി/പട്ടികവർഗ്ഗ/മറ്റ് പിന്നോക്ക വിഭാഗങ്ങൾ എന്നിവരുടെ ക്ഷേമം.

## പട്ടികവർഗ്ഗ വികസന വകുപ്പ്

ശുപാർശ

**പട്ടികവർഗ്ഗ സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി**

ഖണ്ഡിക 42

കേന്ദ്ര സർക്കാരിൽനിന്നും അധിക കേന്ദ്രസഹായമായി 2003-2004 വർഷം ലഭിച്ച 10 കോടി രൂപ ഉപയോഗിച്ച് സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗക്കാർക്കും ജില്ലാ ആശുപത്രികൾ, മെഡിക്കൽ കോളേജ് ഹോസ്പിറ്റൽ, റീജിയണൽ ക്യാൻസർ സെന്റർ, ശ്രീചിത്രാ ഇൻസ്റ്റിറ്റ്യൂട്ട് എന്നിവ വഴിയും സഹകരണ മെഡിക്കൽ കോളേജുകളായ പരിയാരം, കൊച്ചി എന്നിവവഴിയും സർക്കാർ ഉത്തരവ് (എംഎസ്.) 45/07/പ.ജ.പ.വ.വി.വ. തീയതി 13-8-2007 പ്രകാരം സമഗ്ര സുരക്ഷാ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്.

ഖണ്ഡിക 43

തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ SPI TSB No. 14878-ൽ ഇപ്രകാരം ഡെപ്പോസിറ്റ് ചെയ്തിരുന്ന പലിശയടക്കമുള്ള തുകയിൽനിന്നും പദ്ധതി നടപ്പിലാക്കി വരുന്ന 29 സർക്കാർ ആശുപത്രികൾക്ക് പട്ടികവർഗ്ഗക്കാരുടെ ആരോഗ്യ ചികിത്സ യ്ക്കായി ആവശ്യമായ തുക പിൻവലിച്ച് നൽകിവരുന്നു. ഇപ്പോൾ TSB അക്കൗണ്ടിൽ നിക്ഷേപിച്ചിരുന്ന ACA പ്രകാരം ലഭ്യമായ മുഴുവൻ തുകയും വിനിയോഗിച്ചുകഴിഞ്ഞു. 2011-2012 സാമ്പത്തിക വർഷം ഈ ഇനത്തിൽ കുടിശ്ശികയായി 1.64 കോടി രൂപ ഇനി ടി ആശുപത്രികൾക്ക് അനുവദിച്ചുനൽകേണ്ടതായിട്ടുണ്ട്.

ഖണ്ഡിക 44

ഈ പദ്ധതി പ്രകാരം ടി രണ്ട് സഹകരണ ആശുപത്രികളിലൂടെയും, മറ്റ് സർക്കാർ മെഡിക്കൽ കോളേജുകളിലൂടെയും ജില്ലാ ആശുപത്രികളിലൂടെയും താലൂക്ക് ആശുപത്രികളിലൂടെയുമുള്ള പട്ടികവർഗ്ഗക്കാരുടെ സമഗ്ര ആരോഗ്യ ചികിത്സാ പദ്ധതി 2012-2013 വർഷവും തുടർന്നുള്ള വർഷങ്ങളിലും തുടരേണ്ടതായിട്ടുണ്ട്. ഇതിനായി കുടിശ്ശിക നൽകുന്നതുൾപ്പെടെ നടപ്പ് സാമ്പത്തിക വർഷത്തെ ചികിത്സാ ചെലവുകൾക്കായി 5 കോടി രൂപ പ്രത്യേക ശീർഷകത്തിൽ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

2012-2013 വർഷം സമഗ്ര ആരോഗ്യ പദ്ധതി നടപ്പിലാക്കുന്നതിനും മുൻ കുടിശ്ശിക നൽകുന്നതിനുമായി 9-8-2012-ലെ സർക്കാർ ഉത്തരവ് (സാധാ.) നമ്പർ 1103/12/പ.ജ.പ.വ.വി.വ. പ്രകാരം 5 കോടി രൂപ 2225-002-800-64 Critical Gap Filling Scheme (Corpus Fund) under TSB എന്ന ശീർഷകത്തിൽനിന്നും ചെലവഴിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുകയും ആയതിൻ പ്രകാരം 253 ലക്ഷം രൂപ ബന്ധപ്പെട്ട ആശുപത്രികൾക്ക് അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. പുതിയ ശീർഷകം അനുവദിച്ചിട്ടില്ല.

## ധനാഭ്യർത്ഥന നമ്പർ XLVI—സാമൂഹ്യ സുരക്ഷിതത്വവും ക്ഷേമവും

ശുപാർശ 48

2235-02-102-55—അംഗൻവാടി തൊഴിലാളികളുടെയും സഹായികളുടെയും പ്രതിഫലം വർദ്ധിപ്പിക്കൽ

സംസ്ഥാനത്തെ 33115 അംഗൻവാടികളിലെ അംഗൻവാടി വർക്കർമാർ/ ഹെൽപ്പർമാർ എന്നിവർക്ക് സംസ്ഥാന വിഹിതമായി അനുവദിച്ച 1000 രൂപ അഡീഷണൽ ഓണറേറിയം, ഫെസ്റ്റിവൽ അലവൻസ് എന്നിവ അനുവദിക്കുന്നതിനായി ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 84 കോടി രൂപ വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

3-11-2012-ലെ സ.ഉ. (സാധാ.) നമ്പർ 9364/2012/ധന. പ്രകാരം പ്രസ്തുത പദ്ധതിക്കായി 79,32,11,000 രൂപ അധിക ധനസഹായംവഴി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 57, 58

2235-02-190-98—കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ഖണ്ഡിക 57

നിർദ്ധനരായ വികലാംഗർക്ക് സഹായോപകരണങ്ങൾ സൗജന്യമായി വാങ്ങി നൽകുന്ന പദ്ധതി ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല എന്ന് സമിതി മനസ്സിലാക്കുന്നു. ടി പദ്ധതിയിൻകീഴിൽ ഓരോ വർഷവും ലഭിക്കുന്ന അപേക്ഷകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും വികലാംഗർക്ക് വീൽചെയർ, മൂന്ന് വീൽ സൈക്കിളുകൾ, കൃത്രിമ കാലുകൾ, ശ്രവണ സഹായികൾ തുടങ്ങിയ സാമഗ്രികൾ സൗജന്യമായി ലഭ്യമാക്കുന്ന പദ്ധതി തുടർന്നും നടത്തുന്നതിനുമായി ഓരോ ജില്ലയ്ക്കും 10 ലക്ഷം രൂപ നിരക്കിൽ 14 ജില്ലകളിലേക്കുമായി 140 ലക്ഷം രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഖണ്ഡിക 58

കൂടാതെ വികലാംഗർക്ക് സ്വയം തൊഴിലിനായി ലോട്ടറി ഏജന്റുമാർക്ക് ടിക്കറ്റ് വിൽക്കുന്നതിനുള്ള ധനസഹായമായി 20 ലക്ഷം രൂപകൂടി അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

57, 58 എന്നീ ഖണ്ഡികകളിൽ ശുപാർശ ചെയ്തിട്ടുള്ള പദ്ധതികൾക്കായി 160 ലക്ഷം രൂപ 2012-2013 സാമ്പത്തിക വർഷം ധനപുനർവിനിയോഗംവഴി അനുവദിച്ചിട്ടുണ്ട്.

ശുപാർശ നമ്പർ 63

2235-60-107-99—സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ ചെലവുകൾ

സംസ്ഥാന സർക്കാർ നൽകിവരുന്ന സ്വാതന്ത്ര്യസമര യോദ്ധാക്കൾക്കുള്ള പെൻഷൻ പദ്ധതിയിൻകീഴിൽ 6449 ഗുണഭോക്താക്കളാണുള്ളത്. ടി ഗുണഭോക്താക്കൾക്ക് 2012-2013 സാമ്പത്തിക വർഷത്തിൽ കുടിശ്ശിക കൂടാതെ പെൻഷൻ നൽകുന്നതിനായി ഈ ശീർഷകത്തിൽ 8 കോടി രൂപ അധികമായി വകയിരുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

നടപ്പ് സാമ്പത്തിക വർഷം '2235-60-107-99(P)' എന്ന ശീർഷകത്തിൽ വകയിരുത്തിയ ബഡ്ജറ്റ് വിഹിതം പൂർണ്ണമായി വിനിയോഗിച്ചതിന് ശേഷം അധികതുക നൽകുന്ന കാര്യം ധനവകുപ്പ് പരിഗണിക്കുന്നതാണ്.

ശുപാർശ നമ്പർ 64

2235-60-200-89—അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്ക് സഹായം

അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്കുള്ള സഹായമായി സർക്കാർ നൽകിവരുന്ന തുക ഏകീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

സ്വീകരിച്ച നടപടി

12-12-2012-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 365/2012/പൊ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം അകാലചരമം പ്രാപിച്ച മന്ത്രിമാരുടെ കുടുംബങ്ങൾക്കുള്ള ധനസഹായം പ്രതിമാസം 2,500 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## ഭാഗം II

ഇനിയും മറുപടി ലഭിച്ചിട്ടില്ലാത്ത ഖണ്ഡികകളിലെ ശുപാർശകൾ സംബന്ധിച്ച വിവരം.

### പട്ടികജാതി വികസനവകുപ്പ്

ശുപാർശ നമ്പർ 1 മുതൽ 6 വരെയും 11 മുതൽ 12 വരെയും

### പിന്നോക്കസമുദായ വികസനവകുപ്പ്

ശുപാർശ നമ്പർ 7 മുതൽ 10 വരെയും 13 മുതൽ 16 വരെയും

### പട്ടികവർഗ്ഗ വികസനവകുപ്പ്

ശുപാർശ നമ്പർ 17 മുതൽ 41 വരെ.

### സാമൂഹ്യക്ഷേമ വകുപ്പ്

45 മുതൽ 65 വരെ ശുപാർശകളിൽ 48, 57, 58, 63, 64 എന്നിവ ഒഴികെയുള്ളവ.

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2012-2013 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശുപാർശകളിൽ പട്ടികവർഗ്ഗ വികസന വകുപ്പുമായി ബന്ധപ്പെട്ട 42, 43, 44 എന്നീ ഖണ്ഡികകളിലെയും സാമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട 47, 57, 58, 63, 64 എന്നീ ഖണ്ഡികകളിലെയും ശുപാർശകളിൽ സ്വീകരിച്ച നടപടി സ്റ്റേറ്റ്മെന്റുകൾ മാത്രമാണ് ലഭിച്ചിട്ടുള്ളത്. പട്ടികജാതി വികസനം, പിന്നോക്ക സമുദായ വികസനം എന്നീ വകുപ്പുകളുമായി ബന്ധപ്പെട്ട ശുപാർശകളിൽ ഒരു ശുപാർശയിൽപോലും നടപടി സ്വീകരിച്ചതായി സമിതിയെ അറിയിച്ചിട്ടില്ല.

"കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 236(5) പ്രകാരം ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച റിപ്പോർട്ടിലെ ശുപാർശകളിൻമേൽ വകുപ്പ് സ്വീകരിച്ച നടപടികൾ അടങ്ങുന്ന ആക്ഷൻ ടേക്കൺ റിപ്പോർട്ട് അതാത് സാമ്പത്തിക വർഷാവസാനമോ അതുകഴിഞ്ഞുള്ള സഭാസമ്മേളനകാലത്തോ സമിതി ചെയർമാൻ സഭയിൽ സമർപ്പിക്കേണ്ടതാണ്. ഏതെങ്കിലും ശുപാർശകളിന്മേലുള്ള മറുപടി വകുപ്പ് അയച്ചുതന്നിട്ടില്ലായെങ്കിൽ അതിനുള്ള കാരണം ബന്ധപ്പെട്ട വകുപ്പുമന്ത്രി ആക്ഷൻ ടേക്കൺ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനാരംഭത്തിലോ ഏതാണോ ആദ്യം അപ്പോൾ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണ്."

ആയതിനാൽ മുൻറിപ്പോർട്ടിലെ ശുപാർശകളിൽ ഇനിയും നടപടി സ്വീകരിച്ചിട്ടില്ലാത്ത ശുപാർശകൾ സംബന്ധിച്ച വിവരം ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ഈ റിപ്പോർട്ട് സമർപ്പിച്ച് 15 ദിവസത്തിനകമോ അടുത്ത സഭാസമ്മേളനകാലത്തോ ഏതാണോ ആദ്യം അപ്പോൾ ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ സഭയുടെ മേശപ്പുറത്ത് വയ്ക്കേണ്ടതാണെന്ന് സമിതി ശുപാർശ ചെയ്യുന്നു.

ഡോ. എം. കെ. മുനീർ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി XIII.*

തിരുവനന്തപുരം,
2013 ജൂലൈ 9.